ഉത്തരം

(എ, ബി) ഉണ്ട്.

(1) കൊച്ചി എൽ. എൻ. ജി. ടെർമിനൽ പ്രോജക്ട് .. 1600 കോടി രൂപ

(2) കൊച്ചി-കായംകുളം, കൊച്ചി-മംഗലാപുരം പ്രകൃതി വാതക പൈപ്പ് ലൈൻ .. 1700 കോടി രൂപ

(3) ധാതുമണൽ സംസ്ക്കരണ ഫാക്ടറി, കൊല്ലം .. 1850 കോടി രൂപ

എന്നിവയ്ക്കുവേണ്ടി കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) ജിം-ൽ പങ്കെടുത്തപ്പോൾ പ്രധാനമന്ത്രി പ്രഖ്യാപിച്ച പദ്ധതികളിൽ താഴെപ്പറയുന്ന പദ്ധതി പൊതുമേഖലയിൽ ആരംഭിക്കാനുള്ളതാണ്. നാഷണൽ മിനറൽ ഡെവലപ്പ്മെന്റ് കോർപ്പറേഷനും (NMDC) ഇന്ത്യൻ റെയർ എർത്ത്സുമായി ചേർന്നുള്ള ധാതുമണൽ സംസ്ക്കരണവും.

(ഡി) പ്രധാനമന്ത്രി പ്രഖ്യാപിച്ച പദ്ധതികളെല്ലാംതന്നെ സ്ഥാപിതമാക്കാനുള്ള നടപടികളുമായി മുന്നോട്ടുപോവുകയാണ്. അവയുടെ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു. †

കേരള സമ്പദ്‌വ്യവസ്ഥയിൽ പൊതുമേഖലാ സ്ഥാപനങ്ങൾ വഹിച്ച പങ്ക്

14 [5570] ശ്രീ. ടി. പി. രാമകൃഷ്ണൻ:

„ എ. കെ. ബാലൻ:

„ പിരപ്പൻകോട് മുരളി:

„ മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സമ്പദ്‌വ്യവസ്ഥയിൽ പൊതുമേഖലാ സ്ഥാപനങ്ങൾ വഹിച്ച പങ്കിനെക്കുറിച്ച് സർക്കാർ വിലയിരുത്തിയിട്ടുണ്ടോ;

(ബി) കേന്ദ്ര സംസ്ഥാന ഗവൺമെന്റുകളുടെ സാമ്പത്തിക നയങ്ങളുടെ ഭാഗമായി പൊതുമേഖലാ സ്ഥാപനങ്ങൾ ഇപ്പോൾ പ്രതിസന്ധി നേരിടുന്നുണ്ടോ;

(സി) പ്രസ്തുത സാമ്പത്തിക നയങ്ങൾ തിരുത്തിയാൽ നഷ്ടത്തിൽ ഓടുന്ന മിക്കവാറും പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭത്തിലാകുമെന്ന് കരുതുന്നുണ്ടോ;

† അനുബന്ധം I.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) സാമ്പത്തിക നയങ്ങൾ തിരുത്തുന്നതിനും തിരുത്തിക്കുന്നതിനും കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തുന്നതിന് സർക്കാർ തയ്യാറാകുമോ;

(ഇ) കേന്ദ്ര സർക്കാരിന്റെ ഇറക്കുമതി നയംകൊണ്ടുമാത്രം നഷ്ടത്തിലായ കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങൾ ഏതൊക്കെയാണ്?

ഉത്തരം

(എ—ഇ) വിവരം ശേഖരിച്ചുനൽകുന്നതാണ്.

പൊതുമേഖലാ സംരംഭങ്ങൾ വരുത്തിയ നഷ്ടം

15 [5571] ശ്രീ. പി. ജെ. ജോയി:
,, ഡി. സുഗതൻ:
,, സി. പി. മുഹമ്മദ്:
,, കെ. മുഹമ്മദാലി:
,, ഡൊമിനിക് പ്രസന്റേഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുമേഖലാ സംരംഭങ്ങൾ ഇക്കഴിഞ്ഞ പത്തുവർഷങ്ങളിലാകെ എന്തു നഷ്ടം വരുത്തിയിട്ടുണ്ട് എന്ന് വിശദമാക്കാമോ;

(ബി) ഇപ്രകാരം വരുത്തുന്ന നഷ്ടം എത്ര വർഷത്തിനുള്ളിൽ ഇല്ലാതാക്കാനും ലാഭത്തിലെത്താനും കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത് എന്ന് വെളിപ്പെടുത്താമോ;

(സി) അതിനായി എന്തെല്ലാം നടപടികളെടുത്തു എന്ന് വ്യക്തമാക്കാമോ;

(ഡി) നഷ്ടം ഒഴിവാകാനോ ലാഭം ഉണ്ടാക്കുവാനോ സാദ്ധ്യമല്ലാത്തവയെ കയ്യൊഴിയുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എപ്രകാരമാണ് ഉദ്ദേശിക്കുന്നതെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ—ഡി) വിവരം ശേഖരിച്ചുവരുന്നു.

പൊതുമേഖലാ സ്ഥാപനങ്ങളിൽനിന്നും സ്വയം വിരമിക്കൽ

16 [5572] ശ്രീ. പി. എസ്. സുപാൽ:
,, എം. കുമാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളിൽനിന്നും കഴിഞ്ഞ ഇരുപത്തിയേഴ് മാസക്കാലത്തിനിടയിൽ സ്വയം വിരമിക്കൽ പദ്ധതിയിലൂടെ എത്ര തൊഴിലാളികൾ പിരിഞ്ഞുപോയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly